"ഭരണഭാഷ-മാതൃഭാഷ"

No. DWCD/86/2025-E1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര, തിരുവനന്തപുരം
തീയതി : 20-02-2025

E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - പൊതുസ്ഥലംമാറ്റം 2025 - ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷ സമർപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്:-

സൂചന:- 1) വനിതാ ശിശുവികസന ഡയറക്ടറുടെ 01/02/2025 ലെ DWCD/86/2025-E1 നമ്പർ വിജ്ഞാപനം

2) വനിതാ ശിശുവികസന ഡയറക്ടറുടെ 13/02/2025 ലെ DWCD/86/2025-E1 നമ്പർ പരിപത്രം

വകുപ്പിലെ ജീവനക്കാരുടെ 2025-ലെ പൊതു സ്ഥലംമാറ്റ നടപടികളുടെ ഭാഗമായി വകുപ്പിൽ നിലവിലുള്ള എല്ലാ വിഭാഗം ജീവനക്കാരുടെയും സർവ്വീസ് വിവരങ്ങൾ ഓൺലൈൻ ട്രാൻസ്ഫർ മൊഡ്യൂളിൽ രേഖപ്പെടുത്തി അപ്രൂവൽ നൽകുന്നതിനും അപേക്ഷ സ്വീകരിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകിക്കൊണ്ട് സൂചന (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിൻ പ്രകാരം ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ ഓൺലൈൻ ട്രാൻസ്ഫർ മെഡ്യൂളിൽ രേഖപ്പെടുത്തി കാര്യാലയ മേധാവികൾ ഇതിനകം അപ്രൂവൽ ചെയ്തിട്ടുണ്ട്. പ്രസ്തുത സർവ്വീസ് വിവരങ്ങൾ എല്ലാ ജീവനക്കാർക്കും സ്വന്തം ലോഗിനിലൂടെ പരിശോധിക്കുന്നതിനായി സൂചന (2) പ്രകാരം പ്രസിദ്ധീകരിക്കുകയും ആയതിന്മേൽ ലഭിച്ച ആക്ഷേപം/ പരാതികൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും 2025-ലെ പൊതുസ്ഥലംമാറ്റത്തിനായി തയ്യാറാക്കിയിട്ടുള്ള മൊഡ്യൂളിൽ ((http://schemes.wcd.kerala.gov.in) ==>> Online General Transfer 2025) എന്ന ലിങ്കിലൂടെ) പ്രവേശിച്ച് 2025-ലെ പൊതുസ്ഥലംമാറ്റത്തിനായി 21/02/2025 മുതൽ 03/03/2025 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജീവനക്കാർ ഓൺലൈൻ ട്രാൻൻസ്ഫർ മൊഡ്യൂളിലൂടെ പൊതുസ്ഥലംമാറ്റത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കാര്യാലയ മേധാവികൾ 05/03/2025 ന് മുമ്പായി ഡയറക്ടറേറ്റിലേയ്ക്ക് ശുപാർശ ചെയ്ത് (ഓൺലൈൻ മുഖേന) അയക്കേണ്ടതാണ്.

നിശ്ചിത സമയപരിധിക്ക് ശേഷം ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കാൻ കഴിയുന്നതല്ല. വകുപ്പിലെ ജീവനക്കാർ പൊതുസ്ഥലംമാറ്റത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ കാര്യാലയ മേധാവികൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള സമയപരിധിക്കകം തന്നെ ശുപാർശ ചെയ്ത് അയച്ചിട്ടുണ്ടെന്ന് കാര്യാലയ മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.

വകുപ്പിലെ ജീവനക്കാർ 2025-ലെ പൊതുസ്ഥലംമാറ്റത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ നിശ്ചിത സമയപരിധിക്കകം ഡയറക്ടറേറ്റിലേയ്ക്ക് ശുപാർശ ചെയ്ത് അയക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ആയതിന് ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉത്തരവാദികളായിരിക്കും.

Online General Transfer 2025-മായി ബന്ധപ്പെട്ട് കാര്യാലയ മേധാവികൾക്കും ജീവനക്കാർക്കും സാങ്കേതികമായ സംശയ നിവാരണത്തിനായി 9895650007 (മിനീഷ്) എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. എല്ലാ കീഴ്കാര്യാലയ മേധാവികളും ഈ സർക്കുലറിലെ വിവരം എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽ കൊണ്ട് വരേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ ജീവനക്കാർക്കും

എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും

സൂപ്രണ്ട്, ഐ.റ്റി. സെൽ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

സ്റ്റോക്ക് ഫയൽ/ സ്പെയർ